ശ്രീ. പി. ജെ. ജോസഫ് : സർ, ഇപ്പോഴുള്ള നദികളിലും അതുപോലെ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിലും തന്നെയാണ് പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. തീരപ്രദേശങ്ങളിൽ വളരെ ദൂരെ ഈ സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്ന സ്ഥലങ്ങളുമായി കമ്പയർ ചെയ്തിട്ട് പരീക്ഷണാർത്ഥം ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള സ്റ്റഡിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആരോഗ്യസംരക്ഷണത്തിന് പുതിയ ഏജൻസി

4 (*364) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. എളമരം കരീം :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് പുതിയ ഏജൻസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(ബി) പുതിയ ഏജൻസിയുടെ പ്രവർത്തനം ഏത് തരത്തിൽ ഉള്ളതായിരിക്കുമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(സി) പൊതുജനാരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിരിക്കുന്നത്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളായ മഴക്കാലത്തെ പകർച്ചവ്യാധികൾ, വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ആരോഗ്യവകുപ്പിന്റെയും മറ്റ് ഡയറക്ടറേറ്റുകളുടെയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകുക എന്നതാണ് ഈ ഏജൻസിയുടെ പ്രധാന ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി ചെയർമാനും ബഹു. ആരോഗ്യ വകുപ്പുമന്ത്രി വൈസ് ചെയർമാനും മറ്റ് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു ഉന്നത സമിതിക്കായിരിക്കും ഏജൻസിയുടെ പ്രവർത്തനത്തിന്റെ ചുമതല. ബന്ധപ്പെട്ട വകുപ്പുതലവൻമാരും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതിക്കും ആരോഗ്യവുമായി ബന്ധപ്പെട്ട വകുപ്പുകൾക്കുമാണ് പ്രവർത്തനങ്ങളുടെ നേതൃത്വം.

സംസ്ഥാനത്തെ മുഴുവൻ രോഗവിവരങ്ങളെക്കുറിച്ചും രോഗനിർണ്ണയ ഘടകങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പകർച്ചവ്യാധികളെ മുൻകൂട്ടി കാണാനും, നിയന്ത്രണ സംവിധാനങ്ങൾക്കാവശ്യമായ നിർദ്ദേശം നൽകുവാനും കഴിയുന്ന ഹെൽത്ത് ഒബ്സർവേറ്ററി വിംഗ്, വിവിധ വിഭാഗം ജീവനക്കാർക്കാവശ്യമായ പരിശീലനങ്ങൾ പ്ലാൻ ചെയ്യുവാനായി ട്രെയിനിംഗ് ഡിവിഷൻ, ഫലപ്രദമായ രീതിയിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുവാൻ കഴിയുന്ന പ്രോജക്ട് ഫോർമുലേഷൻ ഡിവിഷൻ എന്നീ മൂന്ന് വിഭാഗങ്ങൾ ഇതിന്റെ പ്രധാന പ്രവർത്തന മേഖലകളായിരിക്കും.

ദേശീയ തലത്തിലുള്ള വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വിദഗ്ധ ഉപദേശക സമിതിയും (എക്സ്പെർട്ട് അഡ്വൈസറി കമ്മിറ്റി)ഇതിന്റെ ഭാഗമായി രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, മരണനിരക്ക്, മാതൃമരണ നിരക്ക്, ജനനനിരക്ക് തുടങ്ങിയ ആരോഗ്യസൂചകങ്ങളുടെ കാര്യത്തിൽ രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട നിലവാരം നിലനിർത്തുവാൻ കഴിയുന്നുണ്ട്. എന്നാൽ ഇടയ്ക്കിടെ പ്രത്യേകിച്ച് മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ, വർദ്ധിച്ച തോതിലുള്ള ജീവിതശൈലീരോഗങ്ങൾ, ക്യാൻസറുകൾ, ഉയർന്ന വാഹനാപകടമരണങ്ങൾ, മാനസികാരോഗ്യപ്രശ്നങ്ങളും, ആത്മഹത്യകളും, വയോജന ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവ ആരോഗ്യമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ ജോലി ചെയ്യുന്നതും, വന്നു പോവുന്നതുമായി ബന്ധപ്പെട്ട് ലോകത്ത് പുതുതായി ഉണ്ടാകുന്ന എബോള, മെർസ് കൊറോണ വൈറസ് ഡിസീസ് തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള നിരീക്ഷണങ്ങളും തയ്യാറെടുപ്പുകളും നമുക്ക് വലിയ ബാദ്ധ്യതയാണ്. പുതുതായി ഉണ്ടാകുന്ന എച്ച്5 എൻ1 തുടങ്ങിയ മറ്റ് രോഗങ്ങൾക്കെതിരെയും നമ്മൾ ജാഗ്രത പാലിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly